**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **18.11.2019 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 5491** **മറുപടിക്ക്**

# പോലീസ് സേനയെ ജനസൗഹൃദമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. പി.കെ. ശശി<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. വി.കെ.പ്രശാന്ത് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഡൽഹി പോലീസ് നടത്തിയ കലാപത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പോലീസ് സേനയെ ജനസൗഹൃദമാക്കിത്തീർക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) ഉന്നത പോലീസ് ഉദ്യോഗസ്ഥർ ക്യാമ്പ് ഫോളോവേഴ്സിനെ സ്വകാര്യ സേവകരാക്കിയിരുന്ന രീതിക്ക് മാറ്റം വരുത്തിയിട്ടുണ്ടോ; സിവിൽ പോലീസ് ഓഫീസർമാരും ഉയർന്ന ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധം പരിഷ്കൃത സേനയ്ക്ക് അനുയോജ്യമായ രീതിയിൽ മാറ്റിയെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;വ്യക്തമാക്കാമോ; | ബി) ഉണ്ട്. ക്യാമ്പ് ഫോളോവേഴ്സിനെ സ്വകാര്യ സേവകരാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഡിപ്പാർട്ട്മെന്റുതല നടപടിയും അപ്രകാരം ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും ക്യാമ്പ് ഫോളോവേഴ്സിനുവേണ്ട ശമ്പളവും മറ്റും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും പോലീസ് ആസ്ഥാനത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും അത്തരത്തിലുള്ളവരെ ജനസമ്പർക്കമുള്ള ഡ്യൂട്ടിയിൽ നിന്നു ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | സി) പോലീസുകാരുടെ ഇടയിൽ തൊഴിലിടങ്ങളിലും മറ്റുമുണ്ടാകുന്ന മാനസിക സംഘർഷം കുറയ്ക്കുന്നതിനും പൊതുജനങ്ങളോടുള്ള അവരുടെ പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനും, തിരുവനന്തപുരം എസ്.എ.പി. ക്യാമ്പ് ആസ്ഥാനമായി Help and Assistants to Tackle Stress (HATS) എന്ന പേരിൽ ഒരു കൗൺസലിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. വർഷത്തിലൊരിക്കലെങ്കിലും പോലീസുകാരുടെ ആരോഗ്യ പരിശോധന നടത്തുന്നതിന് സൗകര്യം ഒരുക്കുന്നതിനും, എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കൗൺസലിംഗ് സെന്റർ തുടങ്ങുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) പോലീസ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി സമയം എട്ടുമണിക്കൂറായി നിജപ്പെടുത്തുന്നതിനും സേവന വേതന വ്യവസ്ഥകൾ ആകർഷകമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | ഡി) നിലവിൽ കേരളത്തിലെ 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. കൂടുതലിടങ്ങളിലേക്ക് ഇതു വ്യാപിപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഡൽഹി പോലീസ് നടത്തിയ കലാപത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പോലീസ് സേനയെ ജനസൗഹൃദമാക്കിത്തീർക്കാൻ പ്രത്യേകിച്ച് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാന പോലീസ് സേനയെ ജനസൗഹൃദമാക്കുന്നതിനു വേണ്ടി സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.
2. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ഡിജിറ്റൈസ് ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളേയും ബന്ധിപ്പിച്ചുകൊണ്ട് കുറ്റങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി ദേശീയതലത്തിൽ നടപ്പിലാക്കി വരുന്ന ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റംസ് (CCTNS) എന്ന പ്രോഗ്രാം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾക്ക് 'തുണ' എന്ന സിറ്റിസൺ പോർട്ടൽ വഴി ഓൺലൈനായി വിവിധ സേവനങ്ങൾക്ക് പ്രദാനം ചെയ്തിട്ടുള്ളതാണ്. ഇതിനു പുറമെ പാസ്പോർട്ട് വെരിഫിക്കേഷനായി e-VIP Application, വിവിധ Mobile Application എന്നിവയും പൊതുജനങ്ങൾക്ക് വേണ്ടി പുറത്തിറക്കിയിട്ടുണ്ട്.
3. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ സ്ത്രീ, ശിശു, വയോജന സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുണ്ട്. സ്ത്രീകൾക്കും, കുട്ടികൾക്കും, മുതിർന്ന പൗരൻമാർക്കും, വികലാംഗർക്കും വിശ്രമ സ്ഥലം, ടോയ് ലറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷയെ മുൻ നിർത്തി പിങ്ക് കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു.
4. അടിയന്തിര ഘട്ടങ്ങളിൽ വ്യക്തികൾക്ക് സഹായമെത്തിക്കാൻ വിവിധ എമർജൻസി നമ്പറുകൾക്ക് പകരമായി '112' എന്ന നമ്പർ ഉപയോഗിച്ചുള്ള ERSS (എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം ) സംവിധാനം ആരംഭിച്ചു.
5. സംസ്ഥാനത്ത് ആദ്യമായി 6 പോലീസ് സ്റ്റേഷനുകളിൽ വനിതാ എസ്.ഐ മാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചു.
6. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.
7. സംസ്ഥാനത്ത് പുതുതായി 6 ജില്ലകളിൽ പിങ്ക് കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്.
8. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ പദവി ഇൻസ്പെക്ടർ റാങ്കിലേക്ക് ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ മാരായി നിയമിച്ചിട്ടുണ്ട്.
9. ട്രാഫിക്ക് കേസുകളുടെ അന്വേഷണം ട്രാഫിക്ക് പോലീസ് സ്റ്റേഷനുകളിൽ നിന്നും മാറ്റി ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ നിക്ഷിപ്തമാക്കി. നിലവിലുള്ള ട്രാഫിക് പോലീസ് സ്റ്റേഷനുകളേയും, ട്രാഫിക്ക് യൂണിറ്റുകളേയും ട്രാഫിക്ക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർ നാമകരണം ചെയ്തു.
10. കേസന്വേഷണത്തിൽ സൈബർ വിഭാഗത്തിന്റെ സേവനം എല്ലാ സ്റ്റേഷനുകളിലും ഉപയോഗപ്പെടുത്തണമെന്ന തീരുമാനത്തിന്റെ ഭാഗമായി എല്ലാ സ്റ്റേഷനുകളിലും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ രൂപീകരിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തിന് പുറമെ കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ കൂടി സൈബർ

സ്റ്റേഷനുകൾ ആരംഭിച്ചു. ഇതിനായി 54 തസ്തികകളും സൃഷ്ടിച്ചു. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം, സൈബർ ഇടങ്ങളിലെ നിരീക്ഷണം എന്നിവയും ഈ വിഭാഗം കൈകാര്യം ചെയ്യുന്നു.

11. Child Friendly/Student Police Cadet എന്നീ പദ്ധതികൾ വിവിധ പോലീസ് സ്റ്റേഷനുകൾ മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ളതും അവ കൂടുതൽ വിപുലമായി മറ്റ് പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

12. സംസ്ഥാനത്ത് 6 പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുണ്ട്. രൂപത്തിലും ഭാവത്തിലും, ഘടനയിലും ശിശു സൗഹൃദ പ്രവർത്തനവും അന്തരീക്ഷവും ഒരുക്കുക എന്നുള്ളതാണ് ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

---